LIBRARY ARCHIVES Kerala Legislative Assembly

സഹകരണ ബാങ്കുകളിലെ നിക്ഷേപം

100 (445) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദായനികുതിവകുപ്പ് സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങളെക്കുറിച്ച് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ ; എത്ര രൂപയ്ക്ക് മുകളിലുള്ള നിക്ഷേപങ്ങളെക്കുറിച്ചാണ് വിവരങ്ങൾ നൽകേണ്ടത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) വാണിജ്യ ബാങ്കുകൾ 10 ലക്ഷം രൂപയ്ക്ക് മുകളിൽ നിക്ഷേപം ഉള്ളവരുടെ വിവരങ്ങൾമാത്രം നൽകിയാൽ മതിയെന്നിരിക്കെ, സഹകരണ ബാങ്കുകളെ തകർക്കുന്നതാണ് ആദായ നികുതി വകുപ്പിന്റെ ഈ നീക്കം എന്ന വിദഗ്ധരുടെ അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ സഹകരണ ബാങ്കുകളെ സംരക്ഷിക്കുന്നതിന് കേന്ദ്ര ധനകാര്യവകുപ്പുമായി ബന്ധപ്പെട്ട് എന്ത് നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 133 ഉപവകുപ്പ് 6 പ്രകാരം പ്രാഥമിക സഹകരണ ബാങ്കുകളിലെ നിക്ഷേപകരുടെ പേര്, മേൽവിലാസം, നിക്ഷേപ തുക എന്നിവ അറിയിക്കാൻ ഇൻകം ടാക്സ് വകുപ്പ് സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. ഒരു സാമ്പത്തിക വർഷം സേവിംഗ്സ് നിക്ഷേപത്തിൽ ആകെ 5 ലക്ഷം രൂപയുടെ നിക്ഷേപവും പലിശയിനത്തിൽ ഒരു വർഷം 10,000 രൂപയോ അതിലധികമോ നൽകിയിട്ടുള്ള സ്ഥിര നിക്ഷേപവും ഉൾപ്പെടെയുള്ള നിക്ഷേപങ്ങളുടെ വിവരങ്ങളാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

(ബി) ആദായ നികുതി വകുപ്പിന്റെ ഈ നീക്കം നിക്ഷേപകരിൽ ആശങ്കയുണ്ടാക്കുമെന്നും സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക് ദോഷകരമാകുമെന്നുമുള്ള അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ആദായ നികുതി നിയമത്തിലെ വകുപ്പ് 133(6) പ്രകാരം നിക്ഷേപകരുടെ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള ആദായ നികുതി വകുപ്പ് അധികൃതരുടെ

നോട്ടീസുകളെ ചോദ്യംചെയ്ത് കതിരൂർ സർവ്വീസ് സഹകരണ ബാങ്ക് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഫയൽ ചെയ്ത 7460/13 നമ്പർ സിവിൽ അപ്പീൽ (എസ്.എൽ.പി. 3976/10) തീർപ്പാക്കി ബഹുമാനപ്പെട്ട സുപ്രീം കോടതി 27-8-2013-ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ ആദായനികുതി നിയമത്തിലെ വകുപ്പ് 133(6) പ്രകാരം വിവരം ശേഖരിക്കാനുള്ള ആദായ നികുതി വകുപ്പിന്റെ അധികാരം ശരിവച്ചിട്ടുണ്ട്.

ആദായനികുതി നിയമം കേന്ദ്ര നിയമമാകയാലും, കേന്ദ്ര സർക്കാരിന്റെ ആദായ നികുതി വകുപ്പിന്റെ നടപടികളായതിനാലും ഈ വിഷയം സംബന്ധിച്ച് സംസ്ഥാനം കേന്ദ്ര ധനകാര്യവകുപ്പുമന്ത്രിക്കും പ്രധാനമന്ത്രിക്കും കത്ത് നൽകിയിട്ടുണ്ട്. ഈ വിഷയം കേന്ദ്ര സർക്കാരിന്റെ പരിഗണനയിൽ കൊണ്ടുവരുന്നതിനായി സംസ്ഥാനത്ത് നിന്നുള്ള എം.പി. മാരുടെ സമ്മേളനത്തിലും ഉന്നയിക്കുകയുണ്ടായി. ആദായനികുതി സംബന്ധിച്ച വിഷയം കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിൽ വരുന്നതിനാൽ ഇക്കാര്യത്തിൽ നിയമനിർമ്മാണം ഉൾപ്പെടെയുള്ള നടപടികൾ കേന്ദ്ര സർക്കാരിലാണ് നിക്ഷിപ്തമായിട്ടുള്ളത്.

സഹകരണ ബാങ്കുകളിൽ അംഗത്വം

101 (446) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ ബാങ്കുകളിൽ അംഗത്വമെടുക്കുന്നതിന് ഏതു വിധത്തിലാണ് അപേക്ഷകൾ നൽകേണ്ടത് ;

(ബി) അംഗത്വത്തിന് അപേക്ഷിക്കാൻ എന്തെല്ലാം മാനദണ്ഡങ്ങളാണ് നിഷ്കർഷിച്ചിട്ടുള്ളത് ;

(സി) സഹകരണ ബാങ്കുകളുടെ ഭരണ സമിതിയോ ബോർഡ് അംഗമോ ശിപാർശ ചെയ്യാത്തയാൾക്ക് യോഗ്യതയുണ്ടെങ്കിലും അംഗത്വം നൽകരുതെന്ന് ചട്ടങ്ങളിൽ പറയുന്നുണ്ടോ ; അപ്രകാരം ചട്ടങ്ങളിൽ വ്യവസ്ഥയില്ലെങ്കിൽ അംഗത്വത്തിനുള്ള അപേക്ഷാഫോറംപോലും നിഷേധിക്കുന്ന ബാങ്ക് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സഹകരണ ബാങ്കുകളിൽ അംഗത്വമെടുക്കുന്നതിന്, കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 16, ചട്ടം 16 എന്നിവയിലെ നിബന്ധനകൾ ക്കനുസൃതമായാണ് അംഗത്വത്തിനുള്ള അപേക്ഷകൾ നൽകേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly